പെരുംപഴുതൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിയമനത്തിനായി 8-11-2003-ൽ നടന്ന എഴുത്തുപരീക്ഷ വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിയമനത്തിനായി 16-6-2001-ൽ നടത്തിയ എഴുത്തുപരീക്ഷ, കരുനാഗപ്പള്ളി സഹകരണ അർബൻ ബാങ്കിൽ നിയമനത്തിനായി 22-12-2001-ൽ നടത്തിയ പരീക്ഷ, വിതുര സർവ്വീസ് സഹകരണ ബാങ്കിൽ നിയമനത്തിനായി 16-6-2001-ൽ നടത്തിയ പരീക്ഷ എന്നിവയുടെ നടത്തിപ്പിനെ സംബന്ധിച്ചാണ് പരാതികൾ ഉണ്ടായിരുന്നത്.

(സി) സഹകരണ പരീക്ഷാ ബോർഡ് അംഗം ശ്രീമതി കെ. എം. കല്യാണിയിൽ നിന്ന് ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം വിജിലൻസ് വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറാണ് പരാതിയെക്കുറിച്ച് അന്വേഷണം നടത്തുന്നത്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.†

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായി ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ മേഖലയിൽ ഐ. ടി. പാർക്ക്

155 [3045] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി., ആയുർവേദം തുടങ്ങിയ മേഖലകളിലെ വളർച്ചയും നിക്ഷേപ സാധ്യതയും സഹകരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സി. എ. പി. ഇ. പോലെ ഒരു സംവിധാനം ഉണ്ടാക്കി ബയോടെക്നോളജി, ആയുർവേദ ഐ. ടി. പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ടെക്നോപാർക്ക് പോലെ വലിയൊരു ഐ. ടി. പാർക്ക് സഹകരണ മേഖലയിൽ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ പഠനത്തിനുശേഷം പരിശോധിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly